ॐ



അഹോ അനന്തദാസാനാം മഹത്ത്വം ദൃഷ്ടമദ്യ മേ
കൃതാ ഗസോ*f*പി യദ്രാജൻ മംഗളാനി സമീഹസേ **(9–4–14)**

*ശുകമുനി തുടർന്നു:*
ദുർവ്വാസാവ് മടങ്ങിവന്ന് അംബരീഷൻെറ കാൽക്കൽ വീണു ക്ഷമ യാചിച്ചു. ഇതുകണ്ട് അംബരീഷൻ വളരെ ലജ്ജിതനായി. അംബരീഷൻ ഭഗവാൻെറ സുദർശനചക്രത്തോട് ഇങ്ങിനെ പ്രാർത്ഥിച്ചു:.
“അല്ലയോ സുദർശന, നീ അഗ്നിയാണ്, സൂര്യനാണ്, ചന്ദ്രനും പഞ്ചഭൂതങ്ങളുമാണ്. ഈ മഹർഷിയിൽ സംപ്രീതനായാലും. അവിടുന്നാണ് വിശ്വസംരക്ഷകൻ. ഭഗവാൻെറ മഹിമാപ്രകാശം നീയത്രെ. അജ്ഞതാന്ധകാരം നശിപ്പിക്കുന്ന വെളിച്ചം അവിടുന്നാണ്. ഭഗവാൻെറ ആജ്ഞയനുസരിച്ച് വിശ്വത്തിലെ ദുഷ്ടതകൾ മുഴുവനില്ലാതാക്കുന്നതും മറ്റാരുമല്ല. ഞങ്ങൾ ഞങ്ങളുടെ ധർമ്മങ്ങൾ വിധിയാംവണ്ണം ചെയ്തുവെങ്കിൽ, ദിവ്യമുനിയായ ദുർവ്വാസാവിനോട് ദയ കാണിച്ചു സംരക്ഷിച്ചാലും. അതുമൂലം ഞങ്ങൾക്ക് വലിയൊരു വരം ലഭിച്ച ഫലമുണ്ടാവുകയും ചെയ്യും.” ഇതുവരെ ദുർവ്വാസാവിനെ പീഡിപ്പിച്ചുകൊണ്ടിരുന്ന ചക്രം തൽക്ഷണം തണുത്തു.

*സംഭവങ്ങൾ ഇങ്ങിനെ മാറിയതുകൊണ്ട് സന്തുഷ്ടനായ മുനി പറഞ്ഞു:*
ഇന്നു ഞാൻ ഭഗവൽഭക്തരുടെ മഹിമ അനുഭവിച്ചറിഞ്ഞു. അവരെ ദ്രോഹിക്കുന്നവരോടുപോലും അവരെത്ര മഹത്വപൂർവ്വമാണ് പെരുമാറുന്നത്. ഭക്തർക്ക് ജിവിതത്തിൽ യാതൊന്നും അസാദ്ധ്യമോ ഉപേക്ഷിക്കാൻ ബുദ്ധിമുട്ടുള്ളതോ അല്ല. കാരണം അവർ ഭഗവൽപ്രേമത്തിൽ അടിയുറച്ചവരത്രെ. ഉത്തമഭക്തൻെറ നാമശ്രവണം കൊണ്ടു തന്നെ ഒരുവൻെറ പാപം നശിക്കുന്നു. അങ്ങിനെ ഭയങ്കരമായ ഒരു ദുരിതം ഒഴിവാക്കിയതിനു ശേഷം അംബരീഷൻ മഹർഷിയോട് ഭക്ഷണം കഴിക്കാൻ അപേക്ഷിച്ചു. എന്നിട്ട് മുനിയുടെ അനുവാദത്തോടെ തൻെറ വ്രതമവസാനിപ്പിച്ചു. കൊട്ടാരം വിട്ടു പോവുമ്പോൾ ദുർവ്വാസാവ് അംബരീഷനെ അനുഗ്രഹിച്ചു. “രാജൻ, ആത്മീയോന്നതി നൽകുന്ന അവിടുത്തെ ഈ കഥ ഭൂമിയുള്ളേടത്തോളം കാലം ആളുകൾ പാടി നടക്കട്ടെ.”

അങ്ങിനെ അംബരീഷൻ വളരെയേറെക്കാലം ഭഗവൽഭക്തനായി ജീവിച്ച് രാജ്യം ഭരിച്ചു. അവസാനം രാജ്യഭാരം മക്കളെ ഏൽപ്പിച്ച് വനവാസത്തിനു പോയി. അംബരീഷൻെറ മക്കളും ഭക്തൻ മാരായിരുന്നു.

ആരെല്ലാം ഈ പുണ്യചരിതം ഓർക്കുകയോ പാടുകയോ ചെയ്യുന്നുണ്ടോ, അവർക്ക് ഭഗവൽഭക്തി നിശ്ചയമായും വർദ്ധിക്കുന്നതാണ്.

*ഭഗവൽഭക്തിയുടെ മഹിമാവർണ്ണനയാണീ കഥയിലെ ഇതിവൃത്തം. എന്നാൽ “ഭഗവാൻെറ ചക്രം” എന്നത് കുറ്റബോധം തന്നെയല്ലെ? അതിൽ നിന്ന് ഈശ്വരനുപോലും ആരെയും രക്ഷിക്കാനാവില്ല. ക്ഷമിക്കേണ്ടത് നിന്ദിക്കപ്പെട്ടവരാണ്. അനുരഞ്ജനം മാത്രമാണ് അതിനുള്ള പ്രായശ്ചിത്തം.*